**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.lfa.kerala.gov.in**

**വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട്**

**2016-17**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**e-mail:**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.11/1292/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം ജില്ല

തീയതി - 06-07-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ (31.11.2015 വരെ) ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.11/1292/2017 തിയ്യതി: 06-07-2017

## <u>മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

**മലപ്പുറം** ജില്ലയിലെ **വെട്ടത്തൂർ** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 18-9-2016 മുതൽ 30-5-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-6-2017മുതൽ 9-6-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ടി.പി.അബ്ദുൾ ജലീൽ, ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.സി. അബ്ദുൾ ഗഫൂർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. പി.യൂസഫ്, സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി അന്നമ്മ | 1-4-2016 മുതൽ 31-03-2017 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ സുരേഷ് ബാബു പി | 1.4.2016 മുതൽ 27.7.2016 വരെ |
| നിമ്മി ജേക്കബ് | 28.7.2016 മുതൽ 29.7.2016 വരെയും,<br>6.9.2016 മുതൽ 17.11.2016 വരെയും |
| വിനോദ് കുമാർ | 30.7.2016 മുതൽ 5.9.2016 വരെ |
| അബ്ദുസ്സാലിം | 18.11.2016 മുതൽ 29.11.2016 വരെ |
| കെ. ഷാനിർ | 30.11.2016 |
| സുധീർകുമാർ അലൂർ | 1.12.2016 മുതൽ 8.1.2017 വരെ |
| വേലായുധൻ. വി.എൻ | 9.1.2017 മുതൽ 21.3.2017 വരെ |
| മോഹൻദാസ് | 22.3.2017 മുതൽ 31.3.2017 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ വി.വി രാജീവൻ | 01.04.2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഷീജാ വാസു | 01.04.2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി കല്ല്യാണി | 01.04.2016 മുതൽ 31-03-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ മുഹമ്മദ് ബൈജു | 01.04.2016 മുതൽ 30-06-2016 വരെ |
| | ശ്രീ. സുബൈർ | 01.07.2016 മുതൽ 16-11-2016 വരെ |
| | ശ്രീ.അഭിലാഷ്. | 17.11.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ സാലിക്കുട്ടി | 01.04.2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.സജ്ന | 01.04.2016 മുതൽ 2-05-2016 വരെ |

| | | |
|---|---|---|
| | | |
| | ഡോ. കെ.എ. മുഹമ്മദാലി | 03.05.2016 മുതൽ 27-02-2017 വരെ |
| | ഡോ.ഷബ്ന പർവീൺ | 28-02-2017 മുതൽ 31-03-2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ പ്രസന്ന കുമാർ | 01-04-2016 മുതൽ 30-06-2016 വരെ |
| | അരുൺ. വി | 01-07-2016 മുതൽ 24-09-2016 വരെ |
| | മിനിമോൾ | 25-09-2016 മുതൽ 31-12-2016 വരെ |
| | ജസീല മോൾ | 01-01-2017 മുതൽ 31-03-2017 വരെ |
| അസി. സെക്രട്ടറി | ശ്രീമതി നിമ്മി ജേക്കബ്ബ് | 01-04 2016 മുതൽ 17-11-2016 വരെ |
| | ഒഴിവ് | 18-11-2016 മുതൽ 19-01-2016 വരെ |
| | ശ്രീ. സുനിൽ കുമാർ. ടി.പി | 20-01-2017 മുതൽ 6-02-2017 വരെ |

| | | |
|---|---|---|
| | മോഹൻദാസ്. ടി.സി | 7-2-2017 മുതൽ 31-03-2017 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | A.F.S | 1-2 | |
| 3 | AFS certificate | 1-3 | |
| 4 | സാമ്പത്തിക വിശകലനം. | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ | 1-11 | |
| | **ഭാഗം-2** | | |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി | 2-1 | |

| | | | |
|---|---|---|---|
| | ഈടാക്കിയിട്ടില്ല | | |
| 13 | വാടക ഈടാക്കിയിട്ടില്ല. | 2-2 | |
| 14 | ലൈസൻസ് ഫീ അപാകതകൾ | 2-3 | |
| 15 | ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം | 2-4 | |
| | **ഭാഗം-3** | | |
| 16 | ചെലവിനാസ്പദമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സം ചെയ്യുന്നു | 3-1 | |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവു തുക തടസ്സം ചെയ്യുന്നു | 3-2 | |
| 18 | വാഴ കൃഷിയ്ക്ക് സബ്സിഡി നൽകിയത് മാർഗ്ഗരേഖാ ലംഘനം | 3-3 | |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-അപാകതകൾ | 3-4 | |
| 20 | പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വിതരണം-അപാകതകൾ | 3-5 | |

| | | | |
|---|---|---|---|
| 21 | മരാമത്ത് പ്രവൃത്തി: പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2016-17 ൽ നടപ്പിലാക്കിയത് 23.5% പ്രവൃത്തികൾ മാത്രം. | 3-6 | |
| 22 | പണിസ്ഥലത്തുനിന്ന് പൊളിച്ചു മാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. | 3-7 | |
| 23 | പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചില്ല. | 3-8 | |
| 24 | ഗ്രാമസഭ ക്വാറം തികയാതെ ചേർന്നത് സംബന്ധിച്ച് | 3-9 | |
| 25 | ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 3-10 | |
| 26 | ICDS സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-11 | |
| | **ഭാഗം-4** | 3-12 | |
| 27 | സംയുക്ത പ്രോജക്റ്റ് | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്ക് | 4-2 | |
| 16 | വായ്പാ തിരിച്ചടവ് | 4-3 | |

| | | | |
|---|---|---|---|
| 26 | സ്ഥിര നിക്ഷേപം | 4-4 | |
| 27 | ഓഡിറ്റ് റിക്കവറി | 4-5 | |
| 28 | ചാർജ്-സർചാർജ് നടപടികൾ | 4-6 | |
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |
| 32 | അനുബന്ധം-ഓഡിറ്റ് സാക്ഷ്യപത്രം | | |


# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 8.03.2016 തിയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 22.5.2017 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 6.6.2017, 7.6.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

<u>**വാർഷിക ധനകാര്യപത്രിക പരിശോധന അപാകതകൾ**</u>

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). 2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).വാർഷിക കണക്കുകളുടെ കൂടെ അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ (മുൻ വർഷത്തെ അപാകതകൾ ക്രമീകരിച്ചതുൾപ്പെടെ ) സമർപ്പിച്ചിട്ടില്ല.

3).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പെമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല.

4).അക്രുവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു തൊട്ടു മുൻപുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പോയ വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

5).പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7).ഇ.എം.എസ്.ഭവന പദ്ധതിക്കായി പിൻവലിച്ച് പ്രസിഡണ്ടിന്റെയും വി.ഇ.ഒ.യുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടി (നം.0011001000001007, പെരിന്തൽമണ്ണ അർബൻ കോ.ഓ.ബാങ്ക്, പട്ടിക്കാട് ശാഖ)ൽ നിക്ഷേപിച്ച തുകയിൽ പലിശ ഉൾപ്പെടെ 29.03.2017വരെ 4,93,733 രൂപ നീക്കിയിരിപ്പുണ്ട്. 24.05.2010ലെ സ.ഉ.

(സാധാ)1732/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന്റെയും 24.03.2014 നമ്പർ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ ആയത് ഭവന നിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കാമെങ്കിലും നാളിതു വരെ പ്രസ്തുത തുക ചെലവഴിക്കുകയോ സർക്കാരിലേയ്ക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 5644669.68 |
| വരവ് | 35092376 |
| ആകെ | 40737045.68 |
| ചെലവ് | 30118972 |
| നീക്കിയിരിപ്പ് | 10618073.68 |

## 1-5 ഫണ്ട് വിനിയോഗം 2016-17

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10213304 | 10213304 | 8010849 | 2202455 | 78.4 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6433323 | 6433323 | 4932285 | 1501038 | 76.6 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5604 | 5604 | 0 | 5604 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4314450 | 4314450 | 545000 | 3769450 | 12 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2766183 | 2766183 | 806701 | 1959482 | 29 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5727114 | 5727114 | 2516628 | 3210486 | 43 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2999514 | 2999514 | 0 | 2999514 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1430 | 707917 | 709347 | 703847 | 5500 | 99.22 |
| ബി ഫണ്ട് | 0 | 130320 | 130320 | 130320 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 166 | 49008089 | 66 | 22262457 | 91 | 9 | 39.75 |

## 1-7 തനത് വരുമാനം. 2016-17

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.26ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4442026 | 5099389 | 657363 | 14.8 |
| നികുതിയേതര വരവുകൾ | 806877 | 691780 | (-)115097 | -14.26 |
| മറ്റുവരവുകൾ | 299207 | 215041 | (-)84166 | -28.13 |
| ആകെ | 5548110 | 6006210 | 458100 | 8.26 |

## 1-8 ക്ഷേമപദ്ധതികൾ 2016-17

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40320 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 2669800 | 286 |
| വിധവാ പെൻഷൻ | 11612600 | 1089 |
| വാർദ്ധക്യകാല പെൻഷൻ | 15835100 | 1519 |
| വികലാംഗ പെൻഷൻ | 3200000 | 320 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 453000 | 39 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരം 1.06.2017ന് നടത്തിയ കാഷ് ബാലൻസ് പരിശോധനയിൽ ക്യാഷ്ബുക്ക് പ്രകാരമുള്ള 5316 രൂപ നീക്കിയിരിപ്പുള്ളതായി കണ്ടെത്തി.

## 1-10 ആഭ്യന്തര നിയന്ത്രണം

1) വെറ്ററിനറി സർജൻ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ TR 7A ഫോർമാറ്റിലുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

2) വെറ്ററിനറി സർജൻ ഉൾപ്പെടെയുള്ള മെഡിക്കൽ ഓഫീസർമാർ ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നത് സംബന്ധിച്ച് പദ്ധതി മാർഗ്ഗ രേഖയിൽ അനുശാസിക്കുന്ന വിധത്തിലുള്ള നോൺ അവൈലിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ ശേഷമല്ല പ്രോജക്ട് തയ്യാറാക്കുന്നത്.

3)പദ്ധതി രൂപീകരണത്തിൽ കാലതാമസം വരുത്തുന്നു, പദ്ധതി ചെലവിൽ വൻ കുറവ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.5.2017 | 3/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.10.2005 മുതൽ 28.10.2005 വരെ | 2004-05 മുതൽ 2008-09വരെ | 3.12.2009 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടില്ല. ഇതിൽ ഏതാനും ടവറുകളുടെ വസ്തു നികുതി 2013-14 വർഷം മുതൽ ഈടാക്കാനുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 8.6.2017)ക്ക് മറുപടി നൽകിയിട്ടില്ല. കെട്ടിട ഉടമയുടെ വിലാസം ശരിയല്ലാത്തതുകൊണ്ടാണ് നികുതി ഇൗടാക്കാൻ സാധിക്കാത്തതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പേരും വിലാസവും ബോധ്യപ്പെടാതെ ടവറുടമക്ക് നമ്പർ അനുവദിച്ചത് ഗുരുതരമായ വീഴ്ചയായി ഒാഡിറ്റ് വിലയിരുത്തുന്നു. കൃത്യമായി നോട്ടീസ് നൽകിയിട്ടും നികുതി അടവാക്കാതിരുന്നതിനാൽ വകുപ്പ്തല നടപടിയിലൂടെ തുക വസൂലാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം പ്രഥമ മറുപടിയിൽ ഒാഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഇൗടാക്കുന്നതിന് ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

വിശദ വിവരം താഴെ.

| ടവർ/ കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) | ആകെ |
|---|---|---|---|---|
| IX/ 381 | ഭാരതി ഇൻഫ്രാടെൽ ലി. | 2013-14 to 2016-17 | 5775 | 23100 |
| I/ 947.A | വങ്കാരത്ത് ടവർ, പാലാരിവട്ടം | 2013-14 to 2016-17 | 8343 | 33372 |
| I/ 486.A | വങ്കാരത്ത് ടവർ, പാലാരിവട്ടം | 2014-15 to 2016-17 | 7560 | 22680 |
| I/998 | റിലയൻസ് ഇൻഫോ. കൊച്ചി | 2013-14 to 2016-17 | 8343 | 33372 |
| **ആകെ** | | | | **112524** |

2-2 വാടക ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ താഴെ സൂചിപ്പിക്കുന്ന കടമുറിയുടെ വാടക നാളിതുവരെ ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക്

നൽകിയ ഓഡിറ്റ് എൻക്വയറി (4/ 7.6.2017) ന് ലഭിച്ച മറുപടിയിൽ ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. വാടക പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതും തുടർച്ചയായി വാടക കുടിശ്ശിക വരുത്തുന്ന പക്ഷം വാടക കരാറിൽ പരാമർശിച്ച പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

| മുറി നം | വാടകക്കാരൻ | മാസ വാടക | ഈടാക്കാൻ അവശേഷിക്കുന്ന മാസം | തുക | ആകെ |
|---|---|---|---|---|---|
| 14 | സക്കീർ എരഞ്ഞിക്കൽ | 2540 | 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ | 12 x 2540 + പിഴ പലിശ | 30480+ പിഴ പലിശ |

## 2-3 ലൈസൻസ് ഫീ അപാകതകൾ

1).2016-17 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ അടവാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. ദിവസ വിറ്റുവരവോ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവറോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. അപേക്ഷകളിൽ ഇത്തരം അത്യാവശ്യ വിവരങ്ങളെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത പാലിക്കേണ്ടതുമാണ്.

2. അപേക്ഷകളിൽ പ്ലാസ്റ്റിക് നിരോധന- സ്ഥല നാമ സാക്ഷ്യപത്രം ഇല്ല.

3.അപേക്ഷയിൽ പതിച്ച സ്റ്റാമ്പുകൾ റദ്ദ് ചെയ്തിട്ടില്ല.

4. ഗ്രാമ പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് ഫീൽഡ് പരിശോധന നടത്താറില്ലെന്ന് ബോധ്യപ്പെട്ടു. ഫീൽഡ് പരിശോധന നടത്തി അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (4/ 7.6.2017 )ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-4 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം

2016-17 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 4500000 | 4792255 | -292255 |
| 2 | തൊഴിൽ നികുതി | 1500000 | 1099300 | 400700 |
| 3 | D&O | 300000 | 76000 | 224000 |
| 4 | പെർമിറ്റ് ഫീ | 300000 | 47801 | 252199 |
| | | | | |

ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ് വസ്തു നികുതി ഒഴികെയുള്ളവയിൽ ഡിമാന്ററായി ഉൾപ്പെടുത്തിയിട്ടുള്ളത്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവിനാസ്പദമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്നു

2016-17 -ൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവുകൾക്കാധാരമായ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | പ്രൊജക്റ്റ് | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | SSA വിഹിതം അടവാക്കൽ<br>(പ്രൊജക്റ്റ് നം SOO80/17) | 600000<br>ബിൽ നമ്പർ 1/16-17 തീയതി 22-11-16 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2 | കാര GLPS ന് ഫർണ്ണീച്ചർ<br>(പ്രൊജക്റ്റ് നം SO183/17) | 25500<br>ചെക്ക് നമ്പർ 1497335/27-03-17 | സ്റ്റോക്ക് രജിസ്റ്റർ ഇല്ല |
| 3 | തേലക്കാട് LPS-ന് മൈക്ക് സെറ്റ്<br>(പ്രൊജക്റ്റ് നം SO140/17) | 19900<br>ചെക്ക് നമ്പർ 7136108/13-12-16 | സ്റ്റോക് രജിസ്റ്റർ, കൈപ്പറ്റ് എന്നിവ ഇല്ല |

ആകെ 645400

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവു തുക തടസ്സം ചെയ്യുന്നു

2016-17 നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | വൗച്ചർ നം/ ബിൽ നം /തി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | 21600662/10.3.17 | 49315 | IKM ന് നൽകിയ പ്രവർത്തന ഫണ്ട്<br>(പ്രൊജക്റ്റ് നം 143/17) |
| 2 | 2160093/21.3.17 | 40000 | PMAY വീടുകൾക്ക് അധിക ധനസഹായം<br>പെരിന്തൽമണ്ണ ബ്ളോക്കിന് നൽകിയത്<br>(പ്രൊജക്റ്റ് നം 144/17) |
| 3 | 2160092/21.3.17 | 80000 | PMAY വീടുകൾക്ക് അധിക ധനസഹായം (പട്ടിക ജാതി)<br>പെരിന്തൽമണ്ണ ബ്ളോക്കിന് നൽകിയത്<br>(പ്രൊജക്റ്റ് നം 145/17) |

| | | | |
|---|---|---|---|
| | | | |
| 4 | 21600629/20.3.17 | 100000 | DPC Complex നിർമ്മാണത്തിന് നൽകിയത് |
| 5 | 21600672/15.3.17<br>21600671/15.3.17<br>21600680/20.3.17 | 130018<br>12180<br>332500 | സമ്പൂർണ്ണ വൈദ്യുതീകരണത്തിന് KSEB യിൽ അടവാക്കിയത് |

ആകെ 744013

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു

## 3-3 വാഴ കൃഷിയ്ക്ക് സബ്സിഡി നൽകിയത് മാർഗ്ഗ രേഖാ ലംഘനം

പ്രോജക്ട് നം. So 003/17, വാഴ കൃഷി വികസന പദ്ധതി

ബിൽ നം. CB No.02/16-17 തുക: 3,00,000/- (വികസന ഫണ്ട്)

പ്രസ്തുത പദ്ധതി പ്രകാരം 199 ഗുണഭോക്താക്കൾക്ക് 50,000 എണ്ണം വാഴ കൃഷി ചെയ്യതിന് അവരുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് 3,00,000 രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഒരു വാഴയ്ക്ക് 6 രൂപ വീതമാണ് നൽകിയിട്ടുള്ളത്. 11.01.2016ലെ ജി.ഒ.(എം.എസ്) 04/2016/ത.സ്വ.ഭ.വ.നമ്പർ മാർഗ്ഗരേഖ പ്രകാരം വാഴ കൃഷിയ്ക്ക് തൈ, വളം എന്നിവയ്ക്ക് ഒഴികെ സബ്സിഡിയോ കൂലി ചെലവോ നൽകാൻ അനുമതിയില്ല. വാഴകന്ന് (തൈ) വാങ്ങിയതിനോ വളം വാങ്ങിയതിനോ അല്ല ഇപ്രകാരം ധന സഹായം നൽകിയിട്ടുള്ളത്. വാഴക്കൃഷിയ്ക്ക് ജൈവ വളം വാങ്ങിയതിന് മറ്റൊരു പ്രോജക്ട് (SO006/17)പ്രകാരം സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

നെൽകൃഷി, പച്ചക്കറി എന്നിവയ്ക്കുള്ളതുപോലെ വാഴ കൃഷിയ്ക്ക് സബ്സിഡിയോ കൂലി ചെലവോ നൽകുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഓഡിറ്റ് എൻകചയറി നം.13 /08.06.2017 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി നടത്തിയ ചെലവ് തുക 3,00,000/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്-അപാകതകൾ

പ്രോജക്ട് നം .SO149/17, പട്ടികജാതി പ്രൊഫഷണൽ, ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം

ബിൽ നം.15/30.03.17 തുക: 3,94,000/- (SCP)., തനത് ഫണ്ട് : 2,000/-
നിർവഹണം – വി.ഇ.ഒ.

പ്രോജക്ട് പ്രകാരം 16 പേർക്ക് 24,750/- രൂപ വിലയുള്ള ലാപ്ടോപ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികയിൽ പരാമർശിച്ച 05 പേരുടെ നേരെ റിമാർക്സിൽ കാണിച്ച കാരണത്താൽ ആനുകൂല്യത്തിനു അർഹതയില്ലെന്ന് കാണുന്നു.

| ക്ര. നം. | ഗുണഭോക്താവിന്റെ പേര് | പഠന കോഴ്സ് | റിമാർക്സ് |
|---|---|---|---|
| 1 | രേഷ്മ. പി.D/o.കൃഷ്ണൻ | DMLT (2വർഷ കോഴ്സ്) | ബിരുദ /പോളി ടെക്നിക് കോഴ്സ് അല്ല |
| 2 | അനുകൂൽ.പി.പി. S/o.സുരേന്ദ്രൻ | DHI (2വർഷ കോഴ്സ്) | ബിരുദ /പോളി ടെക്നിക് കോഴ്സ് അല്ല |
| 3 | ശ്യാംസുന്ദർ.കെ.പി. S/o.ശങ്കരൻ | BA പൂർത്തിയാക്കിയിട്ടുണ്ട്. | കോഴ്സ് പൂർത്തിയാക്കി. നിലവിൽ പഠിതാവല്ല. സ്ഥാപനം നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ് ഫയലിൽ ശേഖരിച്ചിട്ടുണ്ട്. |
| 4 | സുധീഷ്.കെ. S/o.ഭാസ്കരൻ | BBAകോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. | കോഴ്സ് പൂർത്തിയാക്കി. നിലവിൽ പഠിതാവല്ല. സ്ഥാപനം നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ് ഫയലിൽ ശേഖരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 5 | ജിഷ്ണുദാസ്.ഒ.<br>S/o.ശിവദാസൻ | Bcomകോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. | കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്, നിലവിൽ പഠിതാവല്ല. സ്ഥാപനം നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ് ഫയലിൽ ശേഖരിച്ചിട്ടുണ്ട്. |

മാർഗ്ഗ രേഖാ ഉത്തരവ് പ്രകാരവും 17.08.2016 ലെ സ.ഉ.(സാധാ)2464/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരവും പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദ, പോളിടെക്നിക് വിദ്യാർത്ഥികൾക്കും മാത്രമാണ് ലാപ്ടോപ് വിതരണം നടത്തുന്നതിന് അനുമതിയുള്ളത്.

നിലവിൽ വിദ്യാർത്ഥികളല്ലാത്തവർക്കും ബിരുദ, പോളി ടെക്നിക് വിദ്യാർത്ഥികളല്ലാത്തവർക്കും ലാപ്ടോപ് വിതരണം നടത്തിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 05/07.06.2017 മുഖേന വിശദീകരണം ആരാഞ്ഞുവെങ്കിലും ലഭ്യമാക്കിയില്ല.

റെക്ടിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം അനുമതി പത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുക (396000/16*5) 123750 രൂപ തടസ്സം ചെയ്യുന്നു. അനുമതി പത്രം ലഭ്യമാക്കാത്ത പക്ഷം തുക ഈടാക്കാൻ സർചാർജ് നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

## 3-5 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വിതരണം-അപാകതകൾ

പ്രോജക്ട് നം .SO137/17, പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വിതരണം

ബിൽ നം.14/30.03.17 തുക: 1,50,000/- (SCP)
നിർവഹണം – വി.ഇ.ഒ

പ്രോജക്ട് പ്രകാരം 03 പേർക്ക് ഓട്ടോറിക്ഷ വിതരണം ചെയ്യുന്നതിനായി സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തവരാകണമെന്നത് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനയാണ്. എന്നാൽ ശ്രീ.രാമകൃഷ്ണൻ കാപ്പുങ്ങൽ, ശ്രീ.സുനിൽകുമാർ.പി.കാര്യവട്ടം എന്നീ ഗുഭോക്താക്കളുടെ പ്രസ്തുത രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തവരാണെന്ന് തെളിയിക്കുന്ന രേഖ ഓഡിറ്റ് എൻക്വയറി നം. 06/07.07.2017 മുഖേന പരിശോധനയ്ക്ക്

ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ ചെലവു തുക 1,00,000രൂപ (02*50,000) തടസ്സം ചെയ്യുന്നു.

## 3-6 മരാമത്ത് പ്രവൃത്തി: പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2016-17 ൽ നടപ്പിലാക്കിയത് 23.5% പ്രവൃത്തികൾ മാത്രം.

**നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ**

ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കുന്നതിൽ വൻ വീഴ്ചയുണ്ടായതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

**പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശം**

ആകെ അംഗീകരിച്ച പ്രൊജക്റ്റുകൾ: 140

ആകെ നടപ്പിലാക്കിയ പ്രൊജക്റ്റുകൾ: 33 (23.5%)

നടപ്പിലാക്കാത്ത പ്രൊജക്റ്റുകൾ: 107

**തുക ചെലവഴിച്ചതിന്റെ വിശദാംശം**

ആകെ അടങ്കൽ: 2 75 70 622 രൂപ

ആകെ ചെലവ്: 62 93 436 രൂപ (22.82%)

ചെലവഴിക്കാത്ത തുക: 2 12 77 186 രൂപ.

75% പ്രവൃത്തികളും നടപ്പിലാക്കാത്തത് വഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സേവനങ്ങളും ഭൗതിക സൗകര്യങ്ങളും നഷ്ടമായി. നിർവ്വഹണോദ്യോഗസ്ഥന്റെ അലംഭാവവും സെക്രട്ടറിയുടേയും ഭരണസമിതിയുടേയും മേൽനോട്ടത്തിന്റെ അഭാവവും കാരണമാണ് വികസന പ്രവർത്തനങ്ങൾ നടക്കാതെ പോയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി അറിയിക്കേണ്ടതുമാണ്.

ഇക്കാര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നംപർ 12/8-6-17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

**നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ**

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | ആകെ ചെലവ് |
|---|---|---|---|---|
| 1 | മണ്ണാർമല അംഗനവാടി റിപ്പയർ 27/17<br>കൺവീനർ. മുഹമ്മത് അഷറഫ് | 2 | മരം 0.752 m3 | ബിൽ 24/16-17/30-03-17<br>176701 രൂപ |

അളവ് പുസ്തകം (6/16-17) പേജ് 2 ൽ മര ഉരുപ്പടി ഉപയോഗയോഗ്യമല്ലെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, അവ ഉപയോഗയോഗ്യമാണെന്ന് 8-6-17 ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. മര ഉരുപ്പടി വെയിലും മഴയുമേറ്റ് നശിച്ചുകൊണ്ടിരിക്കുകയാണ്. ആയത് വിനിയോഗിക്കാത്തതും തെറ്റായ സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതും വിശദമാക്കേണ്ടതാണ്.

ഇക്കാര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നംപർ 11/8-6-17) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ചു മാറ്റിയ മര ഉരുപ്പടികളുടെ വാല്വേഷൻ തയ്യാറാക്കി ലേലം ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-8 പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചില്ല.

2016-17 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രം നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ശതമാനം |
| 1 | പ്ലാൻ ഫണ്ട് ജനറൽ | 10449790 | 8010849 | 76.6 |
| 2 | പ്ലാൻ ഫണ്ട് SCP | 6433323 | 4932285 | 76.6 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6253314 | 2516628 | 40.24 |
| 4 | ലോക ബാങ്ക് ധനസഹായം | 2999514 | 0 | 0 |
| 5 | പ്ലാൻ ഫണ്ട് TSP | 5604 | 0 | 0 |
| 6 | കേന്ദ്ര ധനസഹായം | 2943200 | 1453150 | 49.37 |
| 7 | മെയിന്ററനൻസ് ഗ്രാന്റ് NR | 2796183 | 1474480 | 52.73 |
| 8 | മെയിന്ററനൻസ് ഗ്രാന്റ് R | 4314450 | 545000 | 12.63 |
| 9 | തനത് ഫണ്ട് | 8587470 | 2403514 | 27.98 |
| 10 | ബ്ളോക്ക് വിഹിതം | 100000 | 0 | 0 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| 12 | മറ്റുള്ളവ | 3224100 | 1474480 | 45.7 |
| 13 | സംസ്ഥാനാവിഷ്കൃതം | 675000 | 119850 | 17.75 |

ആകെ 45 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലക്കായി 13508200 രൂപ വകയിരുത്തിയെങ്കിലും 3584344 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(26.5%). പശ്ചാത്തല മേഖലയിൽ 114 പദ്ധതികൾ ലക്ഷ്യമിട്ടെങ്കിലും ആയതിൽ 33 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വികസനം ലക്ഷ്യം കൈവരിച്ചില്ല എന്ന് വ്യക്തമാണ്. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൽ മിക്കതും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 3-9 ഗ്രാമ സഭ ക്വാറം തികയാതെ ചേർന്നത് സംബന്ധിച്ച്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 (എ) 4 പ്രകാരം ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയിരിക്കേണ്ടതാണ്. എന്നാൽ 2016-17 -ൽ കൂടിയ താഴെപ്പറയുന്ന ഗ്രാമസഭകളിൽ ക്വാറം തികയാതെയാണ് കൂടിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് | ആകെ അംഗങ്ങൾ | ക്വാറം | ഗ്രാമ സഭാ തിയ്യതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | 1 | 1446 | 145 | 27.9.2016 | 51 |
| 2 | 2 | 1379 | 138 | 2.10.2016 | 62 |
| 3 | 3 | 1438 | 144 | 2.10.2016 | 48 |
| 4 | 5 | 1282 | 129 | 2.10.2016<br>26.1.2017 | 62<br>59 |
| 5 | 7 | 1382 | 139 | 2.7.2016<br>16.7.2016 | 125<br>117 |
| 6 | 8 | 1175 | 118 | 2.10.2016 | 81 |
| 7 | 9 | 1165 | 117 | 2.10.2016<br>26.1.2017 | 90<br>97 |
| 8 | 10 | 1234 | 124 | 2.7.2016 | 117 |

| | | | | | |
|---|---|---|---|---|---|
| 9 | 11 | 1524 | 153 | 2.10.2016 | 85 |
| 10 | 16 | 1393 | 140 | 2.10.2016 | 52 |

ക്വാറം തികയാതെ വന്നാൽ ഗ്രാമസഭ മാറ്റിവെച്ച് വീണ്ടും കൂടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അത്തരം ഗ്രാമ സഭകൾ വിളിച്ച് കൂട്ടിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

| ക്ര.നം | തീരുമാനം നംപർ/ തീയതി | തീരുമാനം | റിമാർക്സ് |
|---|---|---|---|
| 1 | 4/18-4-16 | കാര്യവട്ടം വില്ലേജിലെ 21/4 സർവ്വേ നംപറിലെ കാഞ്ഞിരംകുളം മണ്ണിട്ട് നികത്തിയത് നീക്കം ചെയ്ത് കുളം പൂർവ്വസ്ഥിതിയിലാക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ M-2766/14(1)/7-4-16 നംപർ ഉത്തരവ് നടപ്പിലാക്കാൻ A E യെ ചുമതലപ്പെടുത്തി | |
| 2 | 7(2)/21-5-16 | പഞ്ചായത്ത് ഡെപ്പ്യൂട്ടി ഡയറക്ടറുടെ 5-5-2016 ലെ A4-6776/16 നംപർ കത്ത് പ്രകാരം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 66-ാം റിപ്പോർട്ടിലെ 58-ാം ഖണ്ഡിക പ്രകാരം സുരക്ഷിതമല്ലാത്ത അംഗനവാടി കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടതാണ് എന്ന | |

| | | | |
|---|---|---|---|
| | | നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ വരും വർഷ പദ്ധതിയിൽ അപ്രകാരം ചെയ്യാൻ തീരുമാനിച്ചു. | |
| 3 | 7(3)/21-5-16 | 6-ാം വാർഡിലെ എരുത്ത് പാടത്ത് നിർമ്മിച്ച കുടിവെള്ള കിണറിൽ നിന്നും വെള്ളം ലഭിക്കുന്നില്ല എന്ന പരാതി AE ക്ക് നൽകി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകി. | |

ഇക്കാര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നംപർ 14/9-6-17) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-11 ICDS സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

### 1) സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

അനുപൂരകപോഷകാഹാര പദ്ധതി എന്ന പ്രോജക്ട് (107/17) പ്രകാരം അംഗനവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങി വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

A) ട്രഷറി ബിൽ നംപർ: 1/16-17/23-12-16 410347 രൂപ

| ഇഷ്യു നമ്പർ | ഇനം | ബിൽ പ്രകാരം വാങ്ങിയത്(kg) | വിതരണം ചെയ്തത്(kg) |
|---|---|---|---|
| 157099/22-3-16 | റാഗി | 85 | 90 |
| | നുറുക്ക് ഗോതമ്പ് | 1050 | 1000 |
| | കടല | 130 | 129 |
| **162910/16-8-16** | അവിൽ | 380 | 385 |
| | | | |

| | | | |
|---|---|---|---|
| **162911/16-8-16** | ശർക്കര | 555.250 | 560 |

ചില ഇനം കൂടുതലായും ചിലത് കുറവായും വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്

**2)** അമൃതം ന്യൂട്രിമിക്സ് വിദൂരസ്ഥലത്ത് നിന്ന് വാങ്ങുന്നു

ഗ്രാമപഞ്ചായത്തിൽ ലിന്നും 50 കിലോ മീറ്ററിലധികം ദൂരമുള്ള മമ്പാട്ടുമൂല എന്ന സ്ഥലത്തെ അൽ അമീൻ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് ന്യൂട്രിമിക്സ് വാങ്ങുന്നത്. ഇത്ര വിദൂരമായ സ്ഥലത്ത് നിന്ന് വാങ്ങൽ നടത്തുന്നതിന്നുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഇക്കാര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നംപർ 9/8-6-17) അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകത പരിഹരിച്ച് അക്കാര്യം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ക്രമ നമ്പർ (1) പ്രകാരമുള്ള നഷ്ടം ഉത്തരവാദിയിൽ നിന്നീടാക്കുന്നതും ക്രമ നമ്പർ (2) ന് വിശദമായ പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ഇല്ല.**

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

**ഇല്ല**

4-3 മൊബിലൈസേഷൻ അഡ്വാൻസ്

**അഡ്വാൻസ് നൽകിയിട്ടില്ല**

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

**ഇല്ല**

## 4-5 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല**

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 14-15 | 2(1) | 144 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11604100645/ 20.6.2016 |
| 2006-07 | 3-(2),3(3), 3(6) | 3846 | കെ.എസ്. ഫിലിപ്പ് | 11602900011/ 27.9.2016 |
| 2013-14,14-15 | 3(11) | 1785 | സുരേഷ് ബാബു.പി, സെക്രട്ടറി | 11604103312/ 5.01.2017 |
| | | **5775** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2(18) | 2006-07 | 3.71.2 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | നിയമസഭാ സമിതി പരിഗണനക്ക് എടുത്തിട്ടില്ല |
| 1998-99 | 2(17) | 2006-07 | 3.71.4 | KSEB ഡെപ്പോസിറ്റ് | |
| 1998-99 | 2(21) | 2006-07 | 3.71.5 | മരാമത്ത് പണി അധിക തുക നൽകി. | |

4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| **വർഷം** | | 2016-2017 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35092376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 30118972 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 300,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1613163 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(**ബി**). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| | | |

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | | 300,000 | ശ്രീ വി.വി രാജീവൻ, കൃഷി ഓഫീസർ |

**<u>സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 645400 | സാലിക്കുട്ടി, ഹെഡ്മാസ്റ്റർ |
| 3-2 | 744013 | വേലായുധൻ. വി.എൻ, സെക്രട്ടറി |
| 3-4 | 123750 | അഭിലാഷ് വി.ഇ.ഒ |
| 3-5 | 100000 | അഭിലാഷ് വി.ഇ.ഒ |
| ആകെ | 1613163 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ വി.വി രാജീവൻ, കൃഷി ഓഫീസർ | ശ്രീ വി.വി രാജീവൻ, കൃഷി ഓഫീസർ | പുതുക്കുളങ്ങര ഹൗസ്, ചീമേനി. പി.ഒ, കാസർഗോഡ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.11/201/14, തീ:7-4-14 | 35 | |
| 1998-99(വരവ്) | എൽഎഫ് എം 11/2845(15)/12 തി. 12-0-13 | 4 | |
| 1998-99 (ചെലവ്) | എൽ എഫ് എം 11/2845 /12 (14),തി. 13-8-13 | 21 | |
| 1999-2000 | എൽ.എഫ്.എം.11/2845/12 (16), തി.13-3-13 | 24 | |
| 2000-01 | എൽ.എഫ്.എം.11/2845(1)/12 (16), തി.13-3-13 | 16 | |
| | | | |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.എം.16/1167/09 /10 തി.10-10-10 | 18 | |
| 2002-03 | എൽ.എഫ്.എം.16/2299/09 തി.10-10-10 | 16 | |
| 22003-04 | എൽ.എഫ്.എം.11/2845/12 (18), തി.13-3-13 | 23 | |
| 2004-05 | എൽ.എഫ്.എം.16/1989/09, തി.27-7-10 | 43 | |
| 2005-06 | എൽ.എഫ്.എം. 16/ 107/10,തി.10-10-10 | 33 | |
| 2006-07 | എൽ.എഫ്.എം..16/1457/10 , തി.28-11-09 | 29 | |
| 2008-09 | എൽ.എഫ്.എം. 11/1199/11/, തി.12-5-11 | 13 | |
| 2009-10 | എൽ.എഫ്.എം. 11/ 689A/12തി. 2-6-12 | 8 | |
| 2010-11 | എൽ.എഫ്.എം.11/689B/12, തീ:2-6-12 | 7 | |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.എം.11/2844/12 തി.4-1-13 | 3 | |
| 2012-13 | എൽ എഫ് എം11/379/14 തി.4-4-14 | 6 | |
| 2013-14,2014-15 | കെ എസ് എ എം പി എം 11/760/2016 തി.25-4-16 | 31 | |
| 2015-16 | കെ എസ് എ എം പി എം11/2683/2016 തീ. 3.10.2016 | 20 | |

## 5-4
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **വെട്ടത്തൂർ** ഗ്രാമപഞ്ചായത്തിന്റെ 31-03-2017ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

# AUDIT CERTIFICATE

No.KSA/MPM.11/1292/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date:06-07-2017

Certified that I have audited the Annual Financial Statement of **Vettathur Grama panchayath** in **Malappuram** District of the year ended on **31.3.2016** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Vettathur Grama panchayath** for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**

**District Audit Office, Malappuram**